# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3420** **14.10.2011 ൽ മറുപടിയ്ക്ക്**

## സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പ്രകൃതി പഠന ക്ളാസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പ്രകൃതി പഠന ക്ളാസുകൾ നടത്തുന്നുണ്ടോ; | (എ) | നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത ക്യാമ്പിലെത്തുന്ന കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിക്കൊടുക്കുന്നത്; | (ബി) | പ്രകൃതി പഠന ക്യാമ്പിൽ എത്തുന്ന കുട്ടികൾക്ക് സൗജന്യമായി താമസ സൗകര്യവും, ഭക്ഷണവും നൽകുന്നുണ്ട്. ഈ മേഖലയിൽ വിദഗ്ദ്ധരായ വ്യക്തികളെക്കൊണ്ട് ക്ളാസുകളെടുപ്പിക്കുകയും ക്ളാസുകളിൽ ആധുനിക പഠന സജ്ജീകരണങ്ങളൊരുക്കുകയും ചെയ്യുന്നുണ്ട്. ക്ളാസുകൾ കൂടുതൽ വിശദമാക്കുന്നതിനും എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും വേണ്ടി ഫിലിംഷോ, ഡോക്യുമെൻററി ഷോ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ബ്രോഷറുകളും ലഘുലേഖകളും പോസ്റ്ററുകളും സ്റ്റിക്കറുകളും വിതരണം ചെയ്യുന്നുണ്ട്. പ്രകൃതി പഠന ക്യാമ്പിൻെറ ഭാഗമായി വനാന്തര ഭാഗങ്ങളിലേക്ക് ട്രക്കിംഗിനുള്ള സൗകര്യം ഒരുക്കുന്നുണ്ട്. ക്യാമ്പംഗങ്ങൾക്ക് ഫീസ് നൽകി ഫോട്ടോ കോപ്പികൾ എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്യാമ്പംഗങ്ങൾക്ക് പരാതികൾ ഉണ്ടെങ്കിൽ അവ ഉന്നയിക്കുന്നതിനായി |

ടോൾ ഫ്രീ നമ്പർ ക്യാമ്പിൽ പ്രദർശിപ്പിക്കുന്നുണ്ട്. പരാതി പുസ്തകവും ഓരോ കേന്ദ്രത്തിലും ലഭ്യമാണ്.

(സി) പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

എൽ. കെ. ജി/യു.കെ.ജി/പ്രൈമറി വിദ്യാർത്ഥികൾക്കായി അവരവരുടെ സ്കൂളുകളിൽ തന്നെയാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. അതിനുള്ള അപേക്ഷ സ്കൂളധികാരികൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപ്പർ പ്രൈമറി മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികൾ പ്രകൃതി പഠന ക്യാമ്പിനുള്ള അപേക്ഷ സ്കൂൾ മേലധികാരി മുഖേന ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ/ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സമർപ്പിക്കണം. ആദ്യം അപേക്ഷ നൽകുന്നവർക്ക് ആദ്യം എന്ന ക്രമത്തിലാണ് ക്യാമ്പ് അനുവദിക്കുന്നത്. ഒരേ ദിവസം ഒരേ സ്ഥലത്തേക്ക് ഒന്നിൽക്കൂടുതൽ അപേക്ഷകൾ ലഭിച്ചാൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. ക്യാമ്പിന് അനുമതി ലഭിച്ചവർ ക്യാമ്പ് തുടങ്ങുന്ന ദിവസം 4 മണിക്ക് അനുമതി ലഭിച്ച സ്ഥലത്ത് ഹാജരാകേണ്ടതാണ്. ക്യാമ്പംഗങ്ങൾ സ്വന്തം ആവശ്യത്തിനായി പേന, പേപ്പർ, നോട്ട് ബുക്ക് തുടങ്ങിയവ കൊണ്ടുവരേണ്ടതാണ്.

(ഡി) നിർദ്ധനരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് പ്രകൃതി പഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

(ഡി) പ്രകൃതി പഠനത്തിനായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ നിർദ്ദിഷ്ട ക്യാമ്പിൽ പങ്കെടുക്കുന്നതിനായി എത്തിക്കഴിഞ്ഞാൽ അവർക്ക് സൗജന്യമായി തന്നെ താമസ സൗകര്യവും ഭക്ഷണവും നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ